## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2289

**19-07-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പാലക്കാട് ജില്ലയിലെ നെൽകൃഷി വ്യാപനം

**ചോദ്യം**
ശ്രീ.പി. ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ നെൽ വയലുകൾ തരിശായിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിനും അത്തരം ഭൂമിയിൽ കൃഷി വ്യാപകമാക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരവും തരിശുനില നെൽകൃഷി വികസനം നടത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജില്ലയിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്; 01.07.2006, 01.07.2016 വർഷങ്ങളിലെ വിവരം വെളിപ്പെടുത്തുമോ? | (ബി) | പാലക്കാട് ജില്ലയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 01.07.2006 ൽ 109208 ഹെക്ടർ നെൽകൃഷിയും 01/07/2016-ൽ 35524 ഹെക്ടർ ഒന്നാംവിള കൃഷിയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ